**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 555</u>** **<u>10-11-2021 - ൽ മറുപടിയ്ക്ക്</u>**

**<u>ബയോ ബബിൾ സംവിധാനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദ്യാലയങ്ങൾ തുറന്ന് പ്രവർത്തനം ആരംഭിക്കുമ്പോൾ ബയോ ബബിൾ സംവിധാനം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഓരോ ബയോ ബബിൾ വിഭാഗത്തെയും നിശ്ചയിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കുക എന്ന് വിശദമാക്കുമോ; | (എ) | ശാരീരിക അകലം പാലിക്കാൻ ശുപാർശ ചെയ്യുന്ന ബയോബബിൾ സിസ്റ്റം ക്ലാസ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ബയോബബിൾ എന്നത് ഒരു ക്ലാസ്സിൽ പഠിക്കുന്ന 6 മുതൽ 10 വരെയുള്ള കുട്ടികളുടെ കൂട്ടമാണ്.ഇവർ മാത്രമേ പരസ്പരം അടുത്ത് ഇടപെടാൻ പാടുള്ളു. ഇവർ ഒരു പ്രദേശത്ത് നിന്ന് തന്നെ വരുന്നവരാണെങ്കിൽ അവരുടെ യാത്രയടക്കം ഒരുമിച്ച് ആസൂത്രണം ചെയ്യും. അതായത് ഒരു ക്ലാസ്സിൽ രണ്ടോ മൂന്നോ ബയോബബിളുകൾ ഉണ്ടാകാം. ബയോബബിൾ കുട്ടികളുടെ എണ്ണം എത്രകണ്ട് പരിമിതപ്പെടുത്താമോ അത്രകണ്ട് നല്ലതാണ്. ഒരു ബയോബബിളിലെ കുട്ടികൾ മറ്റൊരു ബയോബബിളിലെ കുട്ടികളുമായി ഒരു കാരണവശാലും അടുത്തിടപെടാൻ പാടുള്ളതല്ല. പരിമിതി ഏറെയുണ്ടെങ്കിലും രോഗത്തെ പ്രതിരോധിക്കാനുള്ള ഒരു മാർഗ്ഗമായി ബയോബബിളിനെപ്രയോജനപ്പെടുത്താവുന്നതാണ്. |
| (ബി) | ഓരോ ബയോ ബബിളിലും ഉൾപ്പെടുന്ന ശാരീരിക മാനസിക വൈകല്യങ്ങളുള്ള വിദ്യാർത്ഥികൾക്കും ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്കും പ്രത്യേക പരിഗണന നൽകുമോ; വിശദീകരിക്കുമോ; | (ബി) | ശാരീരിക മാനസിക വൈകല്യങ്ങളുള്ള കുട്ടികളും ഭിന്നശേഷിക്കാരായിട്ടുള്ള കുട്ടികളും നവംബർ 1 മുതൽ സ്കൂളിൽ ഹാജരാകണം എന്ന് നിർദ്ദേശം നൽകിയിട്ടില്ല. സ്കൂൾ തുറന്ന് രണ്ടാഴ്ച കഴിഞ്ഞതിന് ശേഷം ആയത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതാണ്. |
| (സി) | രോഗവ്യാപനം ഒഴിവാക്കുന്നതിന് പ്രസ്തുത സംവിധാനം എത്രത്തോളം സഹായകമാണെന്നും ഈ സംവിധാനത്തിന്റെ പ്രവർത്തനം സംബന്ധിച്ച് രക്ഷിതാക്കളെ ബോധവാന്മാരാക്കുന്നതിനു വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കുമോ; | (സി) | സ്കൂൾ തലത്തിൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു കേന്ദ്രീകൃത മൊഡ്യൂൾ തയ്യാറാക്കിയിരുന്നു. പ്രസ്തുത മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ അധ്യാപകതല പരിശീലനവും നൽകിയിരുന്നു. അപ്രകാരം പരിശീലനം ലഭിച്ച അധ്യാപകർ ക്ലാസ്സ് |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ രക്ഷകർത്താക്കൾക്ക് ഇത് സംബന്ധിച്ച ബോധവത്കരണ ക്ലാസ്സുകൾ നൽകിയിട്ടുണ്ട്. കൂടാതെ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ പൊതു മാർഗ്ഗരേഖയിൽ രോഗ വ്യാപനം തടയുന്നതുമായി ബന്ധപ്പെട്ട് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ഡി) | വിദ്യാർത്ഥികൾക്ക് സ്കൂളുകളിലേക്കുള്ള യാത്രാസൗകര്യം ഉറപ്പാക്കുന്നതിന് കെ.എസ്.ആർ.ടി.സി. നിലവിൽ നിശ്ചയിച്ചിരിക്കുന്ന യാത്രാനിരക്ക് കുറയ്ക്കുന്നതിന് ആവശ്യപ്പെടുമോ; വ്യക്തമാക്കാമോ? | (ഡി) | പൊതുഗതാഗത വകുപ്പുമായി ചർച്ച നടത്തി ഇതിന്റെ സാധ്യതകൾ ആരായുന്നതാണ്. |

സെക്ഷൻ ഓഫീസർ